"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളുടെ നിയമനാധികാരം വിവിധ ഉദ്യോഗസ്ഥൻമാർക്ക് ഡെസിഗ്നേറ്റ് ചെയ്ത് നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.46/2024/LSGD തീയതി,തിരുവനന്തപുരം, 06-01-2024

---

പരാമർശം:-

1. സ.ഉ(കൈ) നം. 106/2020/തസ്വഭവ, തീയതി 17.07.2020.
2. സ.ഉ(പി) നം. 74/2022/തസ്വഭവ, തീയതി 27.10.2022.
3. സ.ഉ(പി) നം. 75/2022/തസ്വഭവ, തീയതി 27.10.2022.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.10.2023 ലെ LSGD/PD/12483/2023-A1 നമ്പർ നടപടിക്രമം.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 23.10.2023 ലെ LSGD/PD/12483/2023-A1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പ്, നഗരഗ്രാമാസൂത്രണ വകുപ്പ് എന്നീ അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ്/ സബോർഡിനേറ്റ് സർവ്വീസുകളുടെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തു.

വിശേഷാൽ ചട്ടങ്ങളിൽ ചട്ടം (6) ൽ നിയമനാധികാരിയെ സംബന്ധിച്ച് പ്രതിപാദിക്കുന്നുണ്ട്. സ്റ്റേറ്റ് സർവ്വീസിൽ ഗ്രൂപ്പ് I ലെ കാറ്റഗറി 1 മുതൽ 4 വരെയും, ഗ്രൂപ്പ് II ന്റെ കാറ്റഗറി 1 മുതൽ 3 വരെയും, ഗ്രൂപ്പ് III ന് കീഴിലുള്ള ഉപഗ്രൂപ്പിന്റെ (a) കാറ്റഗറി 1 മുതൽ 4 വരെയും, ഗ്രൂപ്പ് IV ലെ കാറ്റഗറി 1 മുതൽ 5 വരെയും നിയമന അധികാരി സർക്കാരായിരിക്കുമെന്നും സ്റ്റേറ്റ് സർവീസിലെ എല്ലാ ഗ്രൂപ്പുകളിലെയും മറ്റെല്ലാ വിഭാഗങ്ങളുടെയും നിയമനാധികാരി പ്രിൻസിപ്പൽ ഡയറക്ടർ ആയിരിക്കുമെന്നും വ്യക്തമാക്കുന്നുണ്ട്. കൂടാതെ സബോർഡിനേറ്റ് സർവീസിലെ എല്ലാ ഗ്രൂപ്പുകളിലെയും എല്ലാ വിഭാഗങ്ങളുടെയും നിയമനാധികാരി പ്രിൻസിപ്പൽ ഡയറക്ടറാണ്. പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാരുമായി കൂടിയാലോചിച്ച് നിയമനാധികാരം തനിക്ക് കീഴിലുള്ള ഉദ്യോഗസ്ഥർക്ക് നൽകാവുന്നതാണെന്ന് ചട്ടം (6) ൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഭരണപരമായ സൗകര്യാർത്ഥം വിവിധ തസ്തികകളുടെ നിയമനാധികാരം ചുവടെ ചേർത്തിരിക്കുന്നത് പ്രകാരം വിവിധ ഉദ്യോഗസ്ഥർക്കായി ഡെസിഗ്നേറ്റ് ചെയ്ത് നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം. | നിയമനാധികാരി | അധികാരപ്പെടുത്തുന്ന തസ്തികകൾ |
|---|---|---|
| 1. | പ്രിൻസിപ്പൽ ഡയറക്ടർ | സർക്കാർ നിയമനാധികാരി അല്ലാത്ത എല്ലാ സ്റ്റേറ്റ് സർവ്വീസ് തസ്തികകളും (ഹെഡ് ക്വാർട്ടേഴ്സ് ഉൾപ്പെടെ) |
| 2. | ഡയറക്ടർ (റൂറൽ) | പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ സബോർഡിനേറ്റ് സർവ്വീസിലുള്ള എല്ലാ എൻടി കേഡർ ഹെഡ് ക്വാർട്ടേഴ്സ് തസ്തികകളും സംസ്ഥാന തലത്തിൽ നിയമനം നടക്കുന്ന എല്ലാ സബോർഡിനേറ്റ് തസ്തികകളും. |
| 3. | ജില്ലാതല ജോയിന്റ് ഡയറക്ടർ | സബോർഡിനേറ്റ് സർവ്വീസിലെ ജില്ലാ തലത്തിൽ നിയമനം നടത്തുന്ന എല്ലാ തസ്തികകളും. |

പരാമർശം (4) പ്രകാരമുള്ള നടപടിക്രമത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളുടെ നിയമനാധികാരം ഭരണപരമായ സൗകര്യാർത്ഥം വിവിധ ഉദ്യോഗസ്ഥൻമാർക്ക് ഡെസിഗ്നേറ്റ് ചെയ്ത് നൽകിയ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Suja M
Date: 08-01-2024 11:36:17
സെക്ഷൻ ഓഫീസർ